# വിശുദ്ധർക്കു ലഭിച്ച നൽവരങ്ങൾ ജഢീകമരണത്തോടെ നഷ്ടപ്പെടുമോ?



Adv. Varghese P Thomas
vpt1950@hotmail.com
Ph : 9497197385

ലേഖകൻ ഓർത്തഡോക്സ് സഭാംഗമാണെങ്കിലും പാലാരിവട്ടത്തുള്ള കത്തോലിക്കാ ദേവാലയമായ സെന്റ് മാർട്ടിൻ പള്ളിയോട് വളരെ ചേർന്നാണ് താമസിക്കുന്നത്. എന്നാൽ അംഗമായിരിക്കുന്ന സെന്റ് ജോർജ്ജ് ഓർത്ത ഡോക്സ് ദേവാലായം അല്പം അകലെയാണ്. തൊട്ടടുത്ത ദേവാലയത്തിലെ ശുശ്രൂഷകൾക്കും ചടങ്ങുകൾക്കും ചിലപ്പോഴൊക്കെ പങ്കെടുക്കാറുണ്ട്. അടുത്ത് ദേവാലയം ഉള്ളതിനാൽ വി.സെന്റ് മാർട്ടിൻ എന്ന പുണ്യവാളന്റെ കാവലും തുണയും എപ്പോഴും ഉണ്ടാകുമെന്ന ഒരു ആശ്രയബോധം മനസ്സിനു ആശ്വാസമേകുന്നുണ്ട്. അതുപോലെ തന്നെ അംഗമായിരിക്കുന്ന ദേവാലയം ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലാകയാൽ, ആ പുണ്യവാളന്റെയും സംര ക്ഷണവും കാവലും എപ്പോഴും ഉണ്ടെന്നു വിശ്വസിക്കുന്നു. ലേഖകന് അടുത്ത കാലത്ത് അതികഠിനമായ ഹൃദയാഘാതം ഉണ്ടായപ്പോൾ ദൈവദൂതനെപ്പോൽ ഒരുവനാൽ പെട്ടെന്നു ഹോസ്പിറ്റലിൽ എത്തുവാൻ ഇടയാക്കുകയും, ജീവനു സംരക്ഷണം ലഭിച്ചതും ദൈവകരുണയാൽ ഈ കാവൽ പിതാക്കന്മാരുടെ മദ്ധ്യസ്ഥതമൂലമാണെന്ന് വിശ്വസിക്കുന്നു.

ജഢീകമരണം മൂലം വിശുദ്ധർക്കു ലഭിക്കുന്ന ശ്രേഷ്ഠ നൽവരങ്ങളും വൈശിഷ്യങ്ങളും നാം തിരിച്ചറിഞ്ഞാൽ ദൈവാശ്രയബോധം ക്രമാതീതമായി നമ്മളിൽ വർദ്ധിക്കും. വിശുദ്ധരെ നാം സ്നേഹിക്കുകയും ബഹുമാനിക്കു കയും ചെയ്യുന്നതും അവരോട് മദ്ധ്യസ്ഥത്തിനായി അപേക്ഷിക്കുന്നതും, അവർ നമ്മുടെ കർത്താവിനാൽ സ്നേഹിക്കപ്പെടുന്നവർ ആകുന്നുവെന്ന കാരണത്താലത്രേ. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈകൊള്ളുന്നു എന്നു വി.യോഹന്നാൻ 13:20 ൽ പറയുന്ന നമ്മുടെ കർത്താവിന്റെ തിരു വചനപ്രകാരം, തന്റെ വത്സരരായ വിശുദ്ധരെ നാം ബഹുമാനിക്കുമ്പോൾ അവർ വഴിയായി ബഹുമാനം ദൈവത്തിനു നൽകുകയാണ്. ഇത് സഭയുടെ പഠിപ്പിക്കൽ ആണ്.

അതുപോലെ തന്നെ ഒരു കത്തോലിക്ക സഭാംഗം ഓർത്തഡോക്സ് -യാക്കോബായ സഭയുടെ ദേവാലയത്തിനു സമീപം വസിക്കുന്നുവെങ്കിൽ, ആ ദേവാലയം ഏതു വിശുദ്ധന്റെ നാമത്തിലാണൊ സ്ഥാപിതമായിരിക്കുന്നത്, ആ പുണ്യപിതാവ് ആയിരിക്കും വീട്ടുടയവന്റെ കാവൽപിതാവ്. കത്തോലിക്കനെന്നോ യാക്കോബായക്കാരനെന്നോ ഓർത്തഡോക്സ്കാരനെന്നോ ഉള്ള ചിന്ത മാറ്റി, നാം ഓരോരുത്തരും യേശുക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ ആണെന്ന വിശ്വാസം (എഫേസ്യർ 5:30) പാലിക്കണം.

1കോരി- 12:12-28-ൽ പറയുന്നത് ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കണം. "ശരീരം ഒന്നും, അതിന് അവയവം പലതും, ശരീരത്തിന്റെ അവയവം പലതായിരിക്കെ, എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെയാകുന്നു ക്രിസ്തുവും അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നെങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു. ഒരു അവയവത്തിനു മാറ്റം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു ".

നാമെല്ലാവരും ഒരു സഭയിലെ അംഗങ്ങളും അംശികളുമാണെന്ന ബോധം പരിശുദ്ധാത്മാവ് മുഖാന്തിരം ഉണ്ടായാൽ ക്രൈസ്തവ സഭയുടെ ദൗത്യം പൂർണ്ണമാകും. ഭിന്നിച്ചു നിന്നാൽ ഒന്നിച്ചു നശിക്കും. കർത്താവായ യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥന വി.യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ, 11-ാം വാക്യം പറയുന്നു. "പരിശുദ്ധ പിതാവേ, അവർ നമ്മേപോലെ ഒന്നാകാണ്ടേതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" വീണ്ടും 21-ാം വാക്യത്തിൽ യേശു പ്രാർത്ഥിക്കുന്നു. " നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ". സഭകൾ തമ്മിൽ മത്സരിച്ചിട്ട് ഒന്നും നേടാനില്ല

അപ്പോസ്തലിക സഭകളായ കത്തോലിക്ക, ഓർത്തഡോക്സ്, യാക്കോബായ എന്നി വിഭാഗങ്ങൾ സ്ഥാപിച്ചിരിക്കുന്ന ദേവാലയങ്ങൾ ഓരോ വിശുദ്ധന്മാരുടെ നാമത്തിലാണ്. ആ വിശുദ്ധന്മാരുടെ അവസ്ഥ എന്താണെന്ന ചോദ്യം, സ്വാഭാവികമായി സഭാമക്കളിൽ ഇപ്പോൾ വളരെ കൂടുതലാണ്.

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്നത് വേദവിപരീതമെന്ന് പഠിപ്പിക്കുന്നു. ഈ അവസ്ഥയിൽ ഊഹാപോഹങ്ങൾ കൊണ്ട് വിശ്വാസം സ്ഥാപിച്ചെടുക്കുവാൻ സാധ്യമല്ല.

നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾ ആണ് എല്ലാത്തിനും ഉപരി യായി നാം ആധാരമായി ആധികാരികതക്ക് എടുക്കേണ്ടത്. വിശുദ്ധ ലൂക്കോ സിന്റെ സുവിശേഷം 20:38ൽ ഇങ്ങനെ പറയുന്നു. "ദൈവമോ മരിച്ചവരുടെ ദൈവമല്ല. ജീവനുള്ളവരുടെ ദൈവമത്രെ. എല്ലാവരും അവനു ജീവിച്ചിരിക്കു ന്നുവല്ലൊ". ഇതിൽ നിന്നും വിശുദ്ധരുടെ ആത്മാക്കൾ എന്നും ജീവിക്കുന്നു എന്നു സ്പഷ്ടമാക്കുകയല്ലെ? യഥാർത്ഥ ക്രിസ്തീയ വിശ്വാസിക്ക് അല്ലെ ങ്കിൽ വിശുദ്ധർക്ക് ഒരിക്കലും മരണമില്ല. ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ പ്രമാണം.

ജഡീക മരണം മൂലം വിശുദ്ധർക്കു ലഭിക്കുന്ന നൽവരങ്ങളും വൈശിഷ്ട്യങ്ങളും എന്തായിരിക്കുമെന്നു ബൈബിളിൽ കൂടി പരിശോധിക്കാം. വി.പൗലോസാപ്പോസ്തോലൻ കോരിന്ത്യർക്ക് എഴുതുന്ന ഒരു ഭാഗത്തു ഇപ്രകാരം വായിക്കുന്നു. "ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണു ന്നു. എന്നാൽ അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ ഞാൻ അംശ മായി അറിയുന്നു". (1കോരി 13:12). വി.പൗലോസ് തന്റെ ജീവിത കാലത്ത് വിശുദ്ധനായിരുന്നു എന്നത് അനിഷേധ്യമായ പരമാർത്ഥമാണ്. ഇപ്പോൾ ജീവ നോടുകൂടി ഇരിക്കുമ്പോൾ അംശമായെ അറിയുകയുള്ളു. എന്നാൽ ഈ 'അംശം' മാത്രം അറിഞ്ഞു കൊണ്ടുള്ള സ്ഥിതിയല്ല. പ്രത്യുതാ മരണാനന്തരം വ്യക്തമായ അറിവ് ലഭിക്കുമെന്ന് അദ്ദേഹം പഠിപ്പിച്ചു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുവചനത്തിൽ നിന്നും വിശുദ്ധരുടെ മരണാന്തരാവസ്ഥയെക്കുറിച്ച് സ്പഷ്ടമായിരിക്കുന്ന വചനം കേൾക്ക. "നിങ്ങളുടെ പിതാവായ അബ്രഹാം, എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ട് ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചു മരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു. (യോഹന്നാൻ 8:56). കണ്ണുകൾ കൊണ്ടു കാണുന്ന കേവലം പ്രവർത്തി മാത്രമല്ല, വസ്തുവിന്റെ യഥാർത്ഥ അവബോധത്തെയുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതായത്, കാണപ്പെട്ട രൂപം, ആകാരം ബാഹ്യരൂപം എന്നിവകൾ. അബ്രഹാം മൂന്നു കാര്യങ്ങൾ വ്യക്തമായി കണ്ടു. തന്റെ ജനത്തെ വീണ്ടെടുക്കുവാനും തന്റെ സന്തതികൾക്ക് എന്നേക്കുമുള്ള

അവകാശമായി അവർക്ക് കൊടുക്കുവാനും മിശിഹായെ അയക്കുന്ന ദൈവത്തിന്റെ പദ്ധതി. അതിൽ അബ്രഹാം സന്തോഷിച്ചു. തന്റെ സ്വഭാവിക സന്തതിയിൽ കൂടി മിശിഹാ അയക്കപ്പെടുന്ന ദൈവത്തിന്റെ പദ്ധതിയെ കണ്ടു ഉല്ലസിച്ചു. തൃത്വത്തിലെ രണ്ടാമത്തെ വ്യക്തിയെ ദൃശ്യമായി കണ്ടു.

യേശുക്രിസ്തുവിനെ  മറു രൂപമാലയിൽ വച്ച് മോശയും ഏലിയാവും, പത്രോസിന്റെയും യോഹന്നാന്റെയും യാക്കോബിന്റെയും സാമീപ്യത്തിൽ, യേശുവിന്റെ മുൻപാകെ പ്രത്യക്ഷരായത് മറ്റൊരു തെളിവ്. (മത്തായി 17:1 – 8) നിദ്രപ്രാപിച്ച വിശുദ്ധരുടെ ആത്മാക്കൾ ലോകത്തിലെ അക്രമണങ്ങളും അനീതികളും കണ്ട് ദുഃഖിക്കുകയും അന്ത്യവിജയത്തെയും ന്യായവിധിയേയും പ്രതീക്ഷിച്ചുകൊണ്ടാണ് ഇരിക്കുന്നത്. തെളവിനായി ദൈവവചനം ഇങ്ങനെ പറയുന്നു."വിശുദ്ധനും സത്യവാനുമായ നാഥാ! ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്ഷകനെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നവർ ഉറക്കെ നിലവിളിച്ചു" (വെളിപാട് 6:10). വിശുദ്ധരുടെ ആത്മാക്കൾ, സ്വർഗദൂതന്മാരുടെ ശക്തികളും കഴിവുകളും വിശുദ്ധർക്കും ഉണ്ടായിരിക്കുമെന്നതിന്, ഇതല്ലാതെ മറ്റനേകം തെളിവുകൾ വേറെയും ഉണ്ട്.

യാക്കോബ് ഔസേഫിന്റെ പുത്രന്മാരെ അനുഗ്രഹിക്കുമ്പോൾ പറയുന്ന ഭാഗം "എന്നെ സകലദോഷങ്ങളിൽ നിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ അനുഗ്രഹിക്കുമാറാകട്ടെ" (ഉല്പത്തി 48:16). യേശുക്രിസ്തുവിന്റെ വചനം കേൾക്ക: "അങ്ങനെ തന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു" (വി.ലൂക്കോസ് 15:10). "അവർ (ദൂതന്മാർ) ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന  സേവകാത്മക്കളല്ലയോ'?' (എബ്രായർ 1:14). ആകയാൽ മാലാഖമാർക്ക് ഒരുവനെ ദോഷത്തിൽ നിന്നു കാത്തുസൂക്ഷിക്കുന്നതിനും  അനുഗ്രഹിക്കുന്നതിനുമുള്ള  ശക്തിയുണ്ട്. മാലാഖ മനുഷ്യഹൃദയ വിചാരങ്ങളെ അറിയുന്നു. ദൈവരാജ്യത്തിന് അർഹനാകുന്നവനെക്കുറിച്ച് സന്തോഷിക്കുന്നു.

നിദ്രപ്രാപിച്ച വിശുദ്ധർ സജ്ഞീവരായിരുന്നു കൊണ്ട് ഭൂമിയിൽ സംഭവിക്കുന്നവ കാണുകയും അറിയുകയും സഹകരിക്കുകയും ചെയ്യുന്നതു നാം

കണ്ടു. അവർക്ക് ജീവിച്ചിരുന്നപ്പോൾ ദൈവം നൽകിയ നൽവരങ്ങൾ നിദ്ര പ്രാപിച്ചപ്പോൾ നഷ്ടപ്പെട്ടു എന്നു കരുതാനും സാധ്യമല്ല. അവർക്കു ലഭിച്ച നൽവരങ്ങളുടെ തുടർച്ച മരണത്തോട് അവസാനിക്കില്ല. ഉദാഹരണത്തിന് അഹിയാ ദീർഘദർശി അന്ധനായിരുന്നെങ്കിലും യാരോബയാമിന്റെ ഭാര്യയെ തിരിച്ചറിയുവാൻ സാധിച്ചു (1-രാജ്യം 14:1-6).

താനിരുന്നിടത്തു നിന്നും സിറിയക്കാർ എന്താലോചിക്കുന്നെന്നും എന്തുചെയ്യുമെന്നും ഭൃത്യനായ ഗേഹസി എന്തു ചെയ്യുന്നതെന്നും ഏലിശ്യായി പ്രവാചകർക്ക് അറിയാമായിരുന്നു. (2 രാജ 5:25, 6:8). അനന്യാസിനും സഫീറായും എന്തു ചെയ്യുവാൻ എന്ന പത്രോസ് മനസ്സിലാക്കി (അ:പ്രവത്തി 5:1-11). ദൈവ ഭക്തരായിരുന്ന അഹിയ, ഏലിശാ, പത്രോസ് എന്നിവർക്ക് നശ്വരമായ ഈ ജീവിതത്തിൽ ഉണ്ടായിരുന്ന കഴിവുകൾ അനശ്വരമായ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ നഷ്ടപ്പെടും എന്നു പറയുവാൻ യുക്തിപോലും സമ്മതിക്കുമോ. പ്രത്യുതാ അവകൾ പൂർവ്വാധികം ശക്തിപ്പെടുകയല്ലെ ചെയ്യുന്നത്?

ഏതാനും മറ്റു ദൈവവചനം കൂടി നോക്കാം "നീതിമാന്റെ ശ്രദ്ധയോടുകൂടി പ്രാർത്ഥന ഫലിക്കുന്നു". "ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള ഒരു മനുഷ്യനായിരുന്നു" (യാക്കൂബ് സ്ലീഹാ 5:16-18). അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ ദൈവം മഴ പെയ്യിക്കാതിരിക്കുകയും പിന്നീട് പെയ്യിക്കുകയും ചെയ്തു. നീതിമാന്റെ പ്രാർത്ഥനക്ക് ഇത്ര വലിയശക്തി ലഭിക്കുന്നതിന്റെ രഹസ്യം വി. യോഹന്നാൻ പറയുന്നതിങ്ങനെ " പ്രിയമുള്ളവരെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗൽഭ്യം ഉണ്ട്". (1 യോഹ.3:21-22). ദൈവീകശക്തി നമ്മളിൽ വ്യാപരിക്കുമെന്ന് അർത്ഥമാക്കണം.

തന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും. ഇങ്ങനെ ഇഹത്തിൽ വച്ച് പ്രാർത്ഥനയാൽ ശക്തി പ്രവർത്തിക്കുവാൻ സാധിച്ചിരുന്നവർ തിരശ്ശീലക്കപ്പുറം പോയപ്പോൾ ശക്തി ഇല്ലാത്തവരായിപ്പോയി എന്നു പറയുവാൻ സാധാരണ ബുദ്ധിയുള്ളവർ സമ്മതിക്കുമോ?

"അതുകൊണ്ട് ഞങ്ങൾ അതുകേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു"(എന്നു കൊലാസ്യരോട്.1:9) പറഞ്ഞ പൗലോ

സാപ്പോസ്തലന്, ഇഹത്തിൽ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചിരുന്ന അപ്പോസ്തലൻ കടന്നുപോയെങ്കിലും ദൈവസാന്നിദ്ധ്യം അനുഭവിക്കുമ്പോൾ തന്റെ പ്രാർത്ഥന അവസാനിപ്പിക്കുമോ?

നിത്യജീവന്റെ അച്ചാരം പ്രാപിച്ചവരായ വിശുദ്ധർ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ മനുഷ്യർക്കുവേണ്ടി കഷ്ടപ്പെടുകയും സഹതപിക്കുകയും ചെയ്തിരുന്നു എങ്കിൽ, മനുഷ്യരക്ഷയായിരുന്നു അവരുടെ ജീവിതത്തിലെ ഏക ഉദ്ദേശ്യമെങ്കിൽ അതിനായി ദൈവത്തോട് പ്രാർത്ഥിച്ചിരുന്നെങ്കിൽ ഈ മർത്ത്യശരീരത്തു നിന്നും അവർ ദൈവ സന്നിധിയിലേക്ക് മാറിയപ്പോൾ ഇവയിൽ ഏതെങ്കിലും  അവർക്കു അസാധ്യമായിത്തീരും എന്നു പറയുവാൻ സാധിക്കുമോ. മുമ്പുണ്ടായിരുന്നതിലും അതി വിശിഷ്ടമായ നിലയാണ് മരണാനന്തരം വിശുദ്ധർക്കുള്ളത്.

വിശുദ്ധന്മാരുടെ മദ്ധ്യസ്ഥ പ്രാർത്ഥനകൾ എപ്പോഴും ദൈവസന്നിധിയിൽ സ്വീകാര്യമാണ്. കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു. ഉദാഹരണം മോശയുടെ പ്രാർത്ഥനയാണ്. നിന്റെ ദാസന്മാരായ അബ്രാഹിമിനെയും ഇസഹാക്കിനെയും യാക്കൂബിനേയും ഓർക്കേണമെ.  ഈ ജനനത്തിന്റെ ശഠതയും അവരുടെ അകൃത്യവും പാപവും നോക്കരുതെ (ആവർത്തനം 9:25-27) "എന്റെ നിമിത്തവും എന്റെ ദാസനായ ദാവീദിന്റെ നിമിത്തവും ഞാൻ ഈ നഗരത്തെ പാലിച്ചു രക്ഷിക്കും" (യേശായ്യാവ് 37:35). ഇവിടെ യേശയ്യ പ്രവാചകൻ ഹിസ്കിയ രാജാവിനെ, യഹോവയുടെ അരുളപ്പാട് അനുസരിച്ച് ആശ്വസിപ്പിക്കുകയാണ്.

നമ്മെ ഏറ്റവും വിസ്മയിപ്പിക്കുന്ന ഒരു കാര്യം ഇവിടെ കുറിക്കുന്നു. അത് ധനവാന്റെയും ലാസറിന്റെയും അവസ്ഥയാണ്. യേശുക്രിസ്തു ആത്മാവിന്റെ അമർത്ത്യതയെപ്പറ്റിയും ശരീരം വിട്ടശേഷം ആത്മാവിന്റെ സുബോധവാസ്ഥയെപ്പറ്റിയും മരണത്തിനും ശരീരത്തിന്റെ പുനരുദ്ധാരണത്തിനുമിടയിൽ നീതിമാന്മാർക്കും ദുഷ്ടന്മാർക്കും തിരിച്ചിരിക്കുന്ന വ്യത്യസ്ത സ്ഥാനങ്ങൾ പരേതാന്മാക്കൾ ദുഷ്ടരെങ്കിലും ദണ്ഡനത്തിൽ പോലും സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ലളിതമായ വാക്കുകളിൽ കാണിച്ചു തരുന്ന വേദഭാഗമാണ് വി.ലൂക്കോസ് 16:19 - 31 വരെ.

ഇതു സങ്കല്പകഥയോ ഉപമയോ അല്ല. യഥാർത്ഥത്തിൽ നടന്ന സംഭവമാണ് യേശു വിവരിക്കുന്നത്. പരേതർക്കും ജീവിക്കുന്നവരോടുള്ള സ്നേഹം ജഡിക മരണം മൂലം ഇല്ലാതാകുന്നില്ല എന്ന സ്പഷ്ടമായ തെളിവാണിത്.

പ്രിയമുള്ളവരെ, എബ്രായർ 12-ന്റെ 1 ൽ പറയുന്നു " ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതു കൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" സാക്ഷികളുടെ വലിയ സമൂഹം എന്നാൽ എന്താണ്? ജീവിച്ചിരിക്കുന്ന നമ്മെ ഒഴിവാക്കിയാൽ കടന്നു പോയ വിശുദ്ധരാണ് സാക്ഷികളായി ചുറ്റും നിൽക്കുന്നത്. അകക്കണ്ണുള്ളവർ കാണട്ടെ. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*************